# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 784 08.03.2012 ൽ മറുപടിക്ക്**

**മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട്**

**ചോദ്യം** **മറുപടി**

ശ്രീ. കെ. വി. വിജയദാസ്: ശ്രീ.പി.ജെ.ജോസഫ് (ബഹു.ജലവിഭവവകുപ്പു മന്ത്രി)

| | |
|---|---|
| (എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് വേണമെന്ന കേരളത്തിന്റെ ആവശ്യം കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി നേടിയെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (എ) കേരളത്തിലെ ജനങ്ങളുടെ സുരക്ഷയെ കണക്കിലെടുത്ത് പുതിയ ഡാമും തമിഴ്നാടിന് ജല ലഭ്യതയും എന്ന നിലപാടിൽ സംസ്ഥാന മുഖ്യമന്ത്രി, പ്രധാനമന്ത്രി, കേന്ദ്ര ജലവിഭവ മന്ത്രി മറ്റ് കേന്ദ്രമന്ത്രിമാർ എന്നിവരുമായി ചർച്ച നടത്തിയിരുന്നു. ഇതിനു പുറമെ സംസ്ഥാന മന്ത്രിമാർ, എം.പി.മാർ, എം.എൽ.എ.മാർ, ഇക്കാര്യം വിവിധ ചർച്ചകളിലൂടെയും കൂടിക്കാഴ്ചയിലൂടെയും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (ബി) സുപ്രീംക്കോടതി, അന്തർ സംസ്ഥാന നദീജല ട്രിബ്യൂണൽ എന്നിവ മുൻപാകെ കേരളത്തിന് പുതിയൊരു അണക്കെട്ട് വേണമെന്ന് നിലപാട് അംഗീകരിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരി | (ബി) മുല്ലപ്പെരിയാർ ഡാം ഹൈഡ്രോളജിക്കലിയും സിസ്മിക്കലിയും സുരക്ഷിതമല്ലായെന്ന് തെളിയിക്കുന്ന ഐ.ഐ.റ്റി റൂർക്കി, ഐ.ഐ.റ്റി ഡൽഹി എന്നീ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള |

| | |
|---|---|
| ച്ചിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ; | റിപ്പോർട്ടുകൾ ബഹു. സുപ്രീംകോടതിയുടെയും ഉന്നതാധികാര സമിതിയുടെയും മുന്നിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പുതിയ ഡാമിന്റെ Feasibility Report ഉം Detailed Project Report ഉം ഉന്നതാധികാര സമിതിക്ക് മുമ്പിൽ സമർപ്പിച്ചിട്ടുണ്ട്. |
| (സി) മുല്ലപ്പെരിയാർ ഡാം തമിഴ്നാടിന്റേതാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി പ്രസ്താവന നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാടെന്താണ്? | (സി) ഉണ്ട്. ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ ആശങ്ക കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ